I/80760/2022

**തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- പരവൂർ നഗരസഭയിൽ പരവൂർ വില്ലേജിൽ സർവ്വേ നമ്പർ 103/11-2, 103/14,103/15-3 ൽ പ്പെട്ട 12098m2 വിസ്തൃതിയുള്ള വസ്തുവിൽ വാസഗൃഹങ്ങൾക്കായുള്ള പ്ലോട്ട് സബ് ഡിവിഷന് ലേ ഔട്ട് അംഗീകാരം ലഭിക്കുന്നതിനായി M/S Nirman Bharati Holdings, private limited നുവേണ്ടി ശ്രീമാൻ. സതീഷ് ബാബു,സതീഷ് ഭവനം, പുത്തൂർ, പവിത്രേശ്വരം, കൊല്ലം എന്ന വ്യക്തിയ്ക്ക് ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- M/S. നിർമ്മാൺ ഭാരതി ഹോൾഡിങ്സ് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി ശ്രീമാൻ. സതീഷ് ബാബു,സതീഷ് ഭവനം, പുത്തൂർ, പവിത്രേശ്വരം, കൊല്ലം എന്ന വ്യക്തിയുടെ 03/12/2022 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPKLM/594/2022/C തീയതി 31-12-2022**

പരവൂർ നഗരസഭയിൽ പരവൂർ വില്ലേജിൽ സർവ്വേ നമ്പർ 103/11-2, 103/14,103/15-3 ൽ പ്പെട്ട 12098m2 വിസ്തൃതിയുള്ള വസ്തുവിൽ വാസഗൃഹങ്ങൾക്കായുള്ള പ്ലോട്ട് സബ് ഡിവിഷന് ലേ ഔട്ട് അംഗീകാരം ലഭിക്കുന്നതിനായി M/S Nirman Bharati Holdings, private limitedനുവേണ്ടി ശ്രീമാൻ. സതീഷ് ബാബു, സതീഷ് ഭവനം, പുത്തൂർ, പവിത്രേശ്വരം, കൊല്ലം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KMBR 2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി വാസഗൃഹങ്ങൾക്കായുള്ള പ്ലോട്ട് സബ് ഡിവിഷന് ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി പ്രസ്തുത പ്ലോട്ട് സബ് ഡിവിഷന് അനുമതി നൽകുവാൻ പാടുള്ളു.
2. KMBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർദ്ദിഷ്ട ലേഔട്ടിൽ നിർമ്മിയ്ക്കുന്ന ഓരോ വാസഎഹത്തിനും പ്രത്യേകം പ്രത്യേകമായി നിർമാണാനുമതി വാങ്ങിയിരിയ്ക്കണം. പ്ലാനിൽ കാണിച്ചിരിയ്ക്കുന്ന പ്രകാരമുള്ള റോഡ്,

ഡ്രെയിനേജ്, റിക്രിയേഷൻ ഫെസിലിറ്റീസ് എന്നിവ പെർമിറ്റ് നൽകുന്നതിന് മുൻപ് രൂപീകരിച്ചിരിയ്ക്കണം.

5. പ്ലോട്ടിലെ ജംഗ്ഷനുകളിൽ വാഹനങ്ങൾ സുഗമായി തിരിക്കുന്നതിനാവശ്യമായ റേഡിയസ് ( turning radius) ചട്ടം 31(1)(viii) പ്രകാരം ലഭ്യമാക്കേണ്ടതാണ്.
6. നിർ ദ്ദിഷ്ട പ്ലോട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.
7. നിർദ്ദിഷ്ട വികസനം മൂലം സമീപപ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും മണ്ണ് കുഴിച്ചു മാറ്റുന്നത് 1.5 മീറ്ററിലധികം ആഴത്തിലാകുന്ന പക്ഷം ചട്ടം 10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം.
8. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിര്മ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ്.
9. നിർമ്മാണം കെ.എം.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.

ഈ ഉത്തരവ് വികസന പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ വികസന അനുമതി അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ വികസന പ്രവർത്തികൾ ആരംഭിക്കുവാൻ പാടുള്ളൂ.

**56/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.**

Signed by
Shary M V
TOWN PLANNER
Date: 31-12-2022 14:36:55

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

M/S Nirman Bharati Holdings private limited, C/oസതീഷ് ബാബു മാധവൻ പിള്ള, സതീഷ് ഭവനം, പുത്തൂർ, പവിത്രേശ്വരം, കൊല്ലം - 691507

പകർപ്പ്: സെക്രട്ടറി, പരവൂർ നഗരസഭ

I/80760/2022